# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2061 — 19.06.2012-ൽ മറുപടിയ്ക്ക്

**ആഗോള താപനം - കുടത്തൈകൾ വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ആഗോള താപനത്തിന്റെ ദൂഷ്യഫലങ്ങളെ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ആചരിച്ച 'അന്താരഷ്ട്ര വനദിനത്തിൽ' 60 ലക്ഷം 'കൂടത്തൈകൾ' വിതരണം ചെയ്യാൻ തീരുമാനിച്ച പദ്ധതി പ്രകാരം ഇതിനകം സംസ്ഥാനത്ത് എത്ര തൈകൾ വിതരണം ചെയ്തിട്ടുണ്ട്; | എ) 2011-ൽ സംസ്ഥാനത്തൊട്ടാകെ 70.72 ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | ബി) ഹരിത കേരളം എന്ന ബൃഹത്പദ്ധതിയുടെ കീഴിലുള്ള എന്റെ മരം ഉപ പദ്ധതിയിലൂടെ 30.95 ലക്ഷം തൈകളും നമ്മുടെ മരം ഉപ പദ്ധതിയിലൂടെ 7.87 ലക്ഷം തൈകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സംഘടനകൾ, മാധ്യമങ്ങൾ, മത സംഘടനകൾ, മറ്റിതര സംഘടനകൾ എന്നിവ മുഖാന്തിരം 31.62 ലക്ഷം തൈകളും വഴിയോര ത്തണൽ പദ്ധതി പ്രകാരം 0.28 ലക്ഷം തൈകളും നട്ടുപിടിപ്പിക്കുന്നതിനായി 2011 വർഷം വിതരണം ചെയ്തിട്ടുണ്ട്. |
| സി) ഇങ്ങനെ വിതരണം ചെയ്യപ്പെട്ട തൈകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | സി) വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും തൈ വിതരണം ചെയ്യുന്നതോടൊപ്പം സാങ്കേതിക ഉപദേശവും തൈ സംരക്ഷണത്തിനായുള്ള ബോധവത്കരണവും നൽകിയിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം വച്ചുപിടിപ്പിച്ച തൈകളുടെ സംരക്ഷണത്തിനായി ട്രീ ഗാർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ